



www.malankaralibrary.com

# വന്ദകന്മാരുടെ വെള്ളി



ഡോ. ജയിംസ് ചവറപ്പുഴ

നസ്രാണി റിസേർച്ച് സെന്റർ ,

നല്ലതണ്ണി

പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ

ഉയിർപ്പു തിരുനാൾ കഴിഞ്ഞു വരുന്ന

വെള്ളിയാഴ്ച്ച വന്ദകന്മാരുടെ വെള്ളി

അഥവാ സകല വിശുദ്ധരുടെയും വെള്ളി

എന്ന പേരിൽ അറിയപ്പെടുന്നു.

www.malankaralibrary.com

പേർഷ്യൻ ചക്രവർത്തിയായിരുന്ന

സാപ്പോർ രണ്ടാമന്റെ (309-379)

കാലത്ത് വധിക്കപ്പെട്ട രക്തസാക്ഷികളുടെ

അനുസ്മരണമായിട്ടായിരുന്നു ഇതിന്റെ

തുടക്കം.

മ്ശിഹാവർഷം 341-ൽ

പീഢാനുഭവ വെള്ളിയാഴ്ച സെലൂഷ്യാ-

സ്റ്റെസിഫണിലെ കാസോലിക്കയായി

www.malankaralibrary.com

രുന്ന മാർ ശെമയോൻ ബർസബായും മറ്റ്

പല മെത്രാന്മാരും വിശ്വാസികളും വിശ്വാ

സത്തെ പ്രതി രക്തസാക്ഷിത്വം വരിച്ചു.

അവർ മരിച്ചത് പീഡാനുഭവ വെള്ളിയാഴ്ച

യായിരുന്നതിനാൽ അതിന് ശേഷമുള്ള

ആദ്യത്തെ വെള്ളിയാഴ്ച അവരുടെ ഓർമ

യാചരിക്കാൻ തുടങ്ങി. അത് ഉയിർപ്പു

www.malankaralibrary.com

തിരുനാൾ കഴിഞ്ഞു വരുന്ന ആദ്യത്തെ

വെള്ളിയാഴ്ച്ചയായിരുന്നു.

കാലക്രമേണ ഈ ഓർമയാചര

ണം സകല വിശുദ്ധരുടെയും ഓർമ എന്ന

നിലയിലേയ്ക്ക് മാറി. അങ്ങനെയാണ്


പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ

ഉയിർപ്പു തിരുനാൾ കഴിഞ്ഞു വരുന്ന

www.malankaralibrary.com

ആദ്യത്തെ വെള്ളി സകല വിശുദ്ധരുടെ

യും ഓർമതിരുനാൾ ആയി മാറിയത്.



നിസിബിയൻ വിദ്യാ പീഠത്തിലെ

സുറിയാനി എഴുത്തുകാരനായിരുന്ന മാർ

ഐസായി (ആറാം നൂറ്റാണ്ട്) ഉയിർപ്പു

തിരുനാൾ കഴിഞ്ഞുള്ള വെള്ളിയാഴ്ച്ച

രക്തസാക്ഷികളെ ഓർമിക്കുന്ന ദിനമാണെ

ന്ന് സൂചിപ്പിക്കുന്നു. അദ്ദേഹം പറയുന്നു:

www.malankaralibrary.com

## " പീഡാനുഭവവെള്ളിയാഴ്ച

യഹൂദർ കർത്താവിനെ അധിക്ഷേപിക്കുകയും കുരിശിലേറ്റുകയും ചെയ്തു. ഈ വെള്ളി (ഉയിർപ്പു തിരുനാൾ കഴിഞ്ഞുള്ള വെള്ളി) രക്തസാക്ഷികൾ കർത്താവിനെ ഏറ്റു പറയുന്നതും അവന്റെ മഹത്വം പ്രഘോഷിക്കുന്നതും നാം കാണുന്നു. പീഡാനുഭവവെള്ളി മ്ശിഹാ തന്റെ രക്തം

www.malankaralibrary.com

കൊണ്ട് ഉടമ്പടി ഉറപ്പിച്ചു. ഇവിടെ അവന്റെ സാക്ഷികൾ ധൈര്യത്തോടെ അവന്റെ ഉത്ഥാനം ലോകത്തിനു മുമ്പാകെ പ്രഘോഷിച്ചു; അവരുടെ വിശ്വാസപ്രഘോഷണം തങ്ങളുടെ രക്തത്താൽ ഉറപ്പിച്ചു. അതുകൊണ്ട് പിതാക്കന്മാർ ഈ ദിനത്തെ കർത്താവിന്റെ സാക്ഷികളുടെയും വന്ദക

www.malankaralibrary.com

രുടെയും ഓർമദിനമായി ആചരിച്ചു തുടങ്ങി

യതിൽ അത്ഭുതമില്ല."

സ്ളീവായും ഉത്ഥാനവും

തമ്മിലുള്ള ബന്ധവും, കർത്താവിന്റെ

ഉത്ഥാനം നമ്മുടെ ഉയിർപ്പിന്റെ അച്ചാര

മാണെന്ന സത്യവും ഈ തിരുനാൾ

ആഘോഷത്തിലൂടെ പ്രകടമാകുന്നു.

ഉയിർപ്പ് സന്തോഷത്തിന്റെയും ആനന്ദ

www.malankaralibrary.com

ത്തിന്റെയും അവസരമാണ്. ഉയിർപ്പിന്റെ

ആനന്ദം പുതിയ ജീവിതത്തിന്റെയും

ആനന്ദമാണ്. വിശുദ്ധർ ഈ ആനന്ദം

തിരിച്ചറിഞ്ഞവരും മഹത്വത്തിൽ അത്

നേടിയവരുമാണ്. അതുകൊണ്ട് ഉയിർപ്പു

കാലത്തിലെ ആദ്യവെള്ളി തന്നെ

കർത്താവിന്റെ വിശുദ്ധരെ ഓർമ്മിക്കുന്ന

ത് ഭാവി മഹത്വത്തിലുള്ള നമ്മുടെ പ്രത്യാ

www.malankaralibrary.com

ശ മിശിഹായുടെ രക്ഷണീയകർമ്മത്തിന്റെ

അടിസ്ഥാന ത്തിലാണെന്ന സത്യം

ഉറപ്പിച്ച് പ്രഘോഷിക്കുന്നതാണ്.



www.malankaralibrary.com